**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1044** **14-10-2026-ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് ഹാർബർ ബ്രിഡ്ജ് ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഴിമുഖത്തിന്റെ ഇരുവശങ്ങളെയും നിലവിലുള്ള തീരദേശ റോഡുകളെയും ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട മഞ്ചേശ്വരം പാലം, ഹാർബറിലേക്കുള്ള സുപ്രധാന ഗതാഗത ബന്ധം ഒരുക്കുകയും മത്സ്യത്തൊഴിലാളികൾ, വാഹനങ്ങൾ, മത്സ്യബന്ധനത്തിനാവശ്യമായ സാമഗ്രികൾ, പിടിച്ചുകൊണ്ടുവരുന്ന മത്സ്യം എന്നിവയുടെ വിപണനം സുഗമമാക്കുകയും ചെയ്യും. അതിലൂടെ നവീകരിച്ച ഹാർബറിന്റെ ഫലപ്രദമായ ഉപയോഗത്തെയും പ്രവർത്തനത്തെയും പിന്തുണയ്ക്കുന്ന ഒരു പ്രധാന ഗതാഗത ഘടകമായി ഈ പാലം വർത്തിക്കും.

**(ബി)** എങ്കിൽ പ്രസ്തുത ഹാർബർ ബ്രിഡ്ജ് നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണത്തിനായി Construction of Harbour Bridge in Kasaragod district എന്ന പദ്ധതി SASCI ( Special Assistance to States for Capital Investment) ഉൾപ്പെടുത്തി പരിഗണിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 28.00 കോടി രൂപയുടെയും 2025-26 സാമ്പത്തിക വർഷത്തിൽ 30.00 കോടി രൂപയുടെ പദ്ധതി രൂപരേഖ സമർപ്പിച്ചിരുന്നവെങ്കിലും സ്കീമിന് കീഴിൽ വിഹിതം ബാക്കിയില്ലാതിരുന്നതിനാലും ബജറ്റ് വിഹിതം ഇല്ലാതിരുന്നതിനാലും പരിഗണിക്കാനായില്ല.

പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 'Upgradation of Manjeswaram fishing harbour in Kasaragod district and providing connectivity to harbour' എന്ന പദ്ധതിയുടെ 39.00 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ നബാർഡ് ആർഐഡിഎഫ് XXXII, FIDFഎന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** ഈ പാലത്തിന്റെ നിർമ്മാണം നബാർഡ് ആർ.ഐ.ഡി.എഫ് (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്) ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണത്തിനായി Construction of Harbour Bridge in Kasaragod district എന്ന പദ്ധതി SASCI ( Special Assistance to States for Capital Investment) ഉൾപ്പെടുത്തി പരിഗണിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 28.00 കോടി രൂപയുടെയും 2025-26 സാമ്പത്തിക വർഷത്തിൽ 30.00 കോടി രൂപയുടെ പദ്ധതി രൂപരേഖ സമർപ്പിച്ചിരുന്നവെങ്കിലും സ്കീമിന് കീഴിൽ വിഹിതം ബാക്കിയില്ലാതിരുന്നതിനാലും ബജറ്റ് വിഹിതം ഇല്ലാതിരുന്നതിനാലും പരിഗണിക്കാനായില്ല.

പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 'Upgradation of Manjeswaram fishing harbour in Kasaragod district and providing connectivity to harbour' എന്ന പദ്ധതിയുടെ 39.00 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ നബാർഡ് ആർഐഡിഎഫ് XXXII, FIDFഎന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി)** പ്രസ്തുത പദ്ധതിക്കായി ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖേന വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണത്തിനായി Construction of Harbour Bridge in Kasaragod district എന്ന പദ്ധതി SASCI ( Special Assistance to States for Capital Investment) ഉൾപ്പെടുത്തി പരിഗണിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 28.00 കോടി രൂപയുടെയും 2025-26 സാമ്പത്തിക വർഷത്തിൽ 30.00 കോടി രൂപയുടെ പദ്ധതി രൂപരേഖ സമർപ്പിച്ചിരുന്നവെങ്കിലും സ്കീമിന് കീഴിൽ വിഹിതം ബാക്കിയില്ലാതിരുന്നതിനാലും ബജറ്റ് വിഹിതം ഇല്ലാതിരുന്നതിനാലും പരിഗണിക്കാനായില്ല.

പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 'Upgradation of Manjeswaram fishing harbour in Kasaragod district and providing connectivity to harbour' എന്ന പദ്ധതിയുടെ 39.00 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ നബാർഡ് ആർഐഡിഎഫ് XXXII, FIDF എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**